ms 5498
6/11/19

കേരള സർക്കാർ

# പരിസ്ഥിതി കാലാവസ്ഥ വ്യതിയാന ഡയറക്ടറേറ്റ്

കെ.എസ്.ആർ.റ്റി.സി ബസ് ടെർമിനൽ (നാലാം നില) തിരുവനന്തപുരം 695 001
ഫോൺ 0471 2326264 (ഓഫീസ്) ; 2322554 (ഫാക്സ്)
ഇ-മെയിൽ envt.dir@kerala.gov.in വെബ് www.envt.kerala.gov.in

---

പരിസ്ഥിതി കാലാവസ്ഥ വ്യതിയാന വകുപ്പ് ഡയറക്ടറുടെ നടപടിക്രമം
(ഹാജർ : ഡോ.വീണ എൻ മാധവൻ ഐ എ എസ്)

നം: ഡി.ഒ.ഇ.സി.സി/ഇ1/781/2019 തീയതി. 09.10.2019

---

വിഷയം :- പരിസ്ഥിതി കാലാവസ്ഥാ വ്യതിയാന ഡയറക്ടറേറ്റ്— പരിസ്ഥിതി ബോധവത്ക്കരണവും പ്രോത്സാഹനവും പാരിസ്ഥിതികം 2019-20 വർഷത്തിൽ ബോധവത്കരണ കർമ്മ പരിപാടികൾ നടത്തുന്നതിന് സാമ്പത്തിക സഹായം നൽകി ഉത്തരവാകുന്നു.

പരാമർശം :
1. 13.05.2019 ലെ സ.ഉ. (സാധാ) നം. 40/2019/പരി..
2. ഈ കാര്യാലയത്തിൽ ചേർന്ന വകുപ്പ് തല കമ്മറ്റിയുടെ യോഗ നടപടി കുറിപ്പ്

## ഉത്തരവ്

പരിസ്ഥിതി ബോധവത്ക്കരണവും പ്രോത്സാഹനവും എന്ന ബഡ്ജറ്റ് ശീർഷകത്തിൻ കീഴിൽ സമൂഹത്തിൽ പരിസ്ഥിതി അവബോധം വളർത്തുന്നതിനായി നടപ്പിലാക്കുന്ന 'പാരിസ്ഥിതികം' പദ്ധതിയ്ക്കായി 2019-20 സാമ്പത്തിക വർഷത്തിൽ "വായു മലിനീകരണത്തിനെതിരെ പൊരുതാൻ നമുക്കൊരുമിക്കാം" എന്ന വിഷയത്തെ ആധാരമാക്കി ബോധവത്കരണ പരിപാടികളും കർമ്മ പരിപാടികളും ഏറ്റെടുത്ത് നടത്തുന്നതിനായി സന്നദ്ധരായ സർക്കാർ/ സർക്കാരേതര സ്ഥാപനങ്ങൾ, സംഘടനകൾ എന്നിവയിൽ നിന്ന് അപേക്ഷ ക്ഷണിച്ചിരുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ ലഭിച്ച അപേക്ഷകൾ തെരഞ്ഞെടുക്കുന്നതിനായി വകുപ്പ് തല കമ്മറ്റികൂടി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ യോഗ്യരായ **42** സ്ഥാപനങ്ങളെ തെരഞ്ഞെടുക്കുകയും, അവയ്ക്ക് മൊത്തത്തിൽ അനുബന്ധമായി ചേർത്ത പട്ടികയിൽപെടുന്ന തുക **ആകെ 31,27,403/- രൂപ** അനുവദിക്കുവാൻ തീരുമാനിക്കുകയും ചെയ്തു. (ലിസ്റ്റ് ഇതോടൊപ്പം). ആയതിന്റെ ആദ്യഗഡുവായി ആകെ തുകയുടെ 60% ഓരോ സ്ഥാപനങ്ങൾക്കും താഴെ പറയുന്ന നിബന്ധനകൾക്കു വിധേയമായി ഈ വകുപ്പിൽ നിന്നും അനുവദിച്ച് ഉത്തരവാകുന്നു.

1. പദ്ധതി നിർവഹണവുമായി ബന്ധപ്പെട്ട പോസ്റ്ററുകൾ, ലഘുലേഖനങ്ങൾ, ബാനറുകൾ,മറ്റ് പ്രസിദ്ധീകരണങ്ങൾ എന്നിവയിൽ പരിസ്ഥിതി കാലാവസ്ഥ വ്യതിയാന ഡയറക്ടറേറ്റിന്റെ പേര് ആലേഖനം ചെയ്യേണ്ടതാണ്.

2. 2020 ജനുവരി 15 ന് മുൻപായി മുഴുവൻ പദ്ധതിയും നിർവ്വഹിച്ച്, ആയത് സംബന്ധിച്ച് വിശദമായ റിപ്പോർട്ട് ഫോട്ടോ സഹിതം, തുക വിനിയോഗ സർട്ടിഫിക്കറ്റും(KFC FORM 44 ൽ) തുക വിനിയോഗ പത്രികയും സമർപ്പിക്കേണ്ടതാണ്. മേൽപറഞ്ഞ രേഖകൾ സമർപ്പിക്കാത്ത പദ്ധതി നടത്തിപ്പുകാർക്ക് തുടർഗഡു നൽകുന്നതല്ല.കൂടാതെ അത്തരം സംഘടനകളെ വരും വർഷങ്ങളിലും പരിഗണിക്കുന്നതല്ല.

3. 2019-20 സാമ്പത്തിക വർഷം അവസാനിക്കുന്നതിനു മുൻപായി വകുപ്പിന്റെ ആഭിമുഖ്യത്തിൽ നടത്തുന്ന റിവ്യൂ മീറ്റിംഗിൽ പദ്ധതി നടത്തിപ്പു വിവരം ഓരോ സംഘടന/ സ്ഥാപനങ്ങളും അവതരിപ്പിക്കേണ്ടതാണ്.

4. മേൽ കാര്യങ്ങളിൽ പിഴവ് വരുത്തുന്ന പക്ഷം പ്രസ്തുത പ്രോഗ്രാമിനായി നൽകിയ തുക 18% പലിശ സഹിതം സർക്കാറിലേയ്ക്ക് തിരിച്ചടയ്ക്കേണ്ടതാണ്.അല്ലാത്ത പക്ഷം കേരള സർക്കാർ റവന്യൂ റിക്കവറി ആക്റ്റ് പ്രകാരം നടപടികൾ സ്വീകരിക്കുന്നതുമാണ്.

5. ചെലവാകാതെ ബാക്കി വരുന്ന തുക അടിയന്തിരമായി സർക്കാരിലേയ്ക്ക് തിരിച്ചടയ്ക്കേണ്ടതാണ്.

6. ചെലവഴിച്ച തുകയുടെ ഒറിജിനൽ ബില്ലുകളും വൗച്ചറുകളും, സമർപ്പിക്കേണ്ടതാണ്.

7. പ്രസ്തുത പദ്ധതികളിലെ പ്രധാനകാര്യങ്ങൾ നടപ്പാക്കുന്നത് ഈ കാര്യാലയത്തിൽ മുൻകൂറായി അറിയിക്കേണ്ടതും ഈ കാര്യാലയത്തിലെ ഉദ്യോഗസ്ഥന്റെ സാന്നിദ്ധ്യം ഉറപ്പാക്കേണ്ടതുമാണ്.

8. അതാത് സംഘടനകളുടെ പേരിനു നേരെയുള്ള റിമാർക്സ് കോളത്തിൽ ചേർത്തിരിക്കുന്ന പ്രകാരമുള്ള തുക പാരിസ്ഥിതികം പദ്ധതി നടപ്പാക്കാനായി സംഘടനകളുടെ ഭാഗത്തു നിന്നും വിനിയോഗിക്കേണ്ടതും, ആയതും ഈ കാര്യാലയത്തിൽ നിന്ന് അനുവദിച്ചതും ഉൾപ്പെടെ മൊത്തം തുകയുടെ തുക വിനിയോഗ സർട്ടിഫിക്കറ്റും പത്രികയും സമർപ്പിക്കേണ്ടതാണ്.

മേൽ വിഷയങ്ങൾ പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ സ്വീകാര്യമാണെന്ന് ബോധ്യമായതിനാൽ ഈ നടപടി ക്രമത്തിന്റെ ഭാഗമായി ചേർത്തിരിക്കുന്ന സംഘടനകൾക്ക് **ആകെ**

18,76,442/- (പതിനെട്ട് ലക്ഷത്തി എഴുപത്തിയാറായിരത്തി നാനൂറ്റി നാൽപ്പത്തി രണ്ട് രൂപ) നല്കുവാനും ആയത് 3435-03-003-98 പരിസ്ഥിതി ബോധവത്ക്കരണവും പ്രോത്സാഹനവും എന്ന ശീർഷകത്തിൽ നിന്നും വഹിച്ച് ബന്ധപ്പെട്ട സംഘടനകളുടെ ബാങ്ക് അക്കൗണ്ടിലേയ്ക്ക് നിക്ഷേപിക്കുന്നതിനും അനുമതി നല്കി ഉത്തരവാകുന്നു.

ഒപ്പ്
ഡയറക്ടർ

ഉത്തരവിൻ പ്രകാരം

അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ

സ്വീകർത്താവ്

അനുബന്ധമായി ചേർത്തിരിക്കുന്ന തെരഞ്ഞെടുക്കപ്പെട്ട സർക്കാർ/ സർക്കാരേതര സംഘടനകൾ

പകർപ്പ് :

1.അക്കൗണ്ടന്റ് ജനറൽ (എ & ഇ), തിരുവനന്തപുരം
2.ജില്ലാ ട്രഷറി ഓഫീസർ, തിരുവനന്തപുരം
3.ഓഫീസ് കോപ്പി
4.സ്റ്റോക്ക് ഫയൽ

| S.L .NO | Name and Address of the Organisation | Contact No & Bank details | Sanctioned Amount | Amount to be sanctioned First installment |
|---|---|---|---|---|
| 28 | Christ College<br>Irinjalkkuda<br>Thrissur- 680 125 | Dr.Rekha V.B.<br>9846406819<br>rekhavb1@gmail.com<br>ACC.NO.57070060725<br>SBIN0070790<br>SBI TANA,IRINJALAKUDA | **Awareness**<br>Rs. 21,000<br>**Action**<br>Rs.55,000<br><br>Contribution /-**7100**<br><br>**Total**<br>**Rs. 83100** | 45600 |